I ഇ.ബി. XIV - കേരള നിയമസഭ /V-11

## പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2017 മേയ് 11, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

### I ഗവർണറുടെ സന്ദേശം

2014 ഡിസംബർ 17-ാം തീയതി നിയമസഭ പാസ്സാക്കി ഗവർണറുടെ അനുമതിക്കായി സമർപ്പിച്ചിരുന്നതും ഗവർണർ രാഷ്ട്രപതിയുടെ പരിഗണനയ്ക്കായി നീക്കിവച്ചിരുന്നതുമായ 2014-ലെ കേരള മാരിടൈം ബോർഡ് ബിൽ ഭരണഘടനയുടെ 201-ാം അനുച്ഛേദത്തിലെ ക്ലിപ്തനിബന്ധന പ്രകാരമുള്ള സന്ദേശത്തോടെ ഗവർണർ മടക്കി അയച്ച വിവരം കേരള നിയമസഭയുടെ

നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 99 പ്രകാരം സ്പീക്കർ സഭയെ അറിയിച്ചു.

## II അടിയന്തരപ്രമേയം

പകർച്ചവ്യാധി നിയന്ത്രണം

മി. സ്പീക്കർ: പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കാത്തതുകൊണ്ട് സംസ്ഥാനത്ത് പല സ്ഥലങ്ങളിലും ഡെങ്കിപ്പനി, എച്ച്1 എൻ1, ഹെപ്പറ്റൈറ്റിസ്, ചിക്കൻപോക്സ് പോലുള്ള പകർച്ചവ്യാധികൾ പടരുന്നത് നിയന്ത്രണ വിധേയമാക്കാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കാത്തതുമൂലം ആരോഗ്യ മേഖലയിൽ ഉണ്ടായിരിക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി. എസ്. ശിവകുമാർ, എം. ഉമ്മർ, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): മഴക്കാല പൂർവ്വജന്യരോഗങ്ങൾ പ്രതിരോധിക്കുന്നതിനാവശ്യമായ മുൻകരുതലുകൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കൊതുക് നശീകരണവും ശുചീകരണവുമുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനും രോഗപ്രതിരോധ പ്രവർത്തനങ്ങൾ

ഏകോപിപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം സർക്കാർ നടത്തിയ പ്രതിരോധ പ്രവർത്തനങ്ങളുടെ ഫലമായി മരണനിരക്ക് കുറയ്ക്കാൻ സാധിച്ചു. ഇത്തവണ കാലാവസ്ഥാ വ്യതിയാനം കാരണം സാധാരണയിൽനിന്നും വ്യത്യസ്തമായി ഡെങ്കിപ്പനിയും ജലജന്യരോഗങ്ങളും പടരാൻ സാധ്യതയുണ്ടെന്ന് മനസ്സിലാക്കി ആരോഗ്യ വകുപ്പ് രോഗനിയന്ത്രണത്തിനാവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പുദ്യോഗസ്ഥരുടെ നേതൃത്വത്തിൽ യോഗങ്ങൾ സംഘടിപ്പിക്കുകയും ജില്ലാതല പ്രതിരോധ പ്രവർത്തനങ്ങൾക്കായി നിരന്തര ഇടപെടൽ നടത്തുകയും ചെയ്തിട്ടുണ്ട്. ഡെങ്കിപ്പനി പടർന്ന മേഖലകളിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹായത്തോടെ രോഗം നിയന്ത്രണ വിധേയമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കെ.എം.എസ്.സി.എൽ. മുഖേന ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നതിന് ശക്തമായ ഇടപെടൽ നടത്തിയിട്ടുണ്ട്. എലിപ്പനി, ചിക്കൻപോക്സ് എന്നിവയ്ക്കുള്ള മരുന്നുകളും എച്ച്1 എൻ1 രോഗശമനത്തിന് ഉപയോഗിക്കേണ്ട ഗുളികകളും ശേഖരിച്ച് ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ട്. ഈ വിഷയത്തിൽ ആരോഗ്യ വകുപ്പ് കൃത്യമായ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

<u>ശ്രീ. വി. എസ്. ശിവകുമാർ</u> : സംസ്ഥാനത്ത് പകർച്ചവ്യാധികൾ

നിയന്ത്രിക്കുന്നതിനോ പ്രതിരോധ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനോ സർക്കാർ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ആവശ്യമായ മുൻകരുതലുകൾ എടുക്കാത്തതിനാൽ പല സ്ഥലങ്ങളിലും ഡെങ്കിപ്പനി, എച്ച്1 എൻ1, ഹെപ്പറ്റൈറ്റിസ്, ചിക്കൻപോക്സ് തുടങ്ങിയ പകർച്ചവ്യാധികൾ പടർന്നുപിടിക്കുകയാണ്. കേരളത്തിൽ എച്ച്1 എൻ1 ബാധിച്ച് 62 പേർ മരണപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പഞ്ചായത്തുകളുടെ നേതൃത്വത്തിൽ വാർഡുതല സാനിട്ടേഷൻ കമ്മിറ്റികൾ പ്രവർത്തിക്കുകയും ഓരോ വാർഡിലെയും ശുചീകരണ പ്രവർത്തനങ്ങൾക്കും രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കുമായി 25,000 രൂപ വീതം നൽകിയിരുന്നു. ഏപ്രിൽ മാസത്തിൽ കൊടുക്കേണ്ട തുക ഇതുവരേയും കൊടുത്തിട്ടില്ല. യു.ഡി.എഫ്. ഗവൺമെന്റ് ദീർഘവീക്ഷണത്തോടുകൂടിയാണ് പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിയിരുന്നത്. മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള യാതൊരു നടപടിയും സർക്കാർ സ്വീകരിച്ചിട്ടില്ല. കേരളത്തിലെ പ്രധാനപ്പെട്ട നഗരങ്ങളിൽ മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം. ഹരിതകേരളം പദ്ധതിയുമായി ബന്ധപ്പെട്ട് യാതൊരു പ്രവർത്തനവും നടക്കുന്നില്ല. ഭക്ഷ്യ സുരക്ഷാ വകുപ്പ് കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. ഇതര സംസ്ഥാന തൊഴിലാളികൾക്കായി മെഡിക്കൽ ക്യാമ്പുകൾ നടത്താൻ ഗവൺമെന്റ് തയ്യാറാകുന്നില്ല. പകർച്ചവ്യാധികൾ നിയന്ത്രിക്കുന്നതിന് ശാശ്വത

പരിഹാരമുണ്ടാക്കാനുള്ള നടപടി സ്വീകരിക്കണം. പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കാനോ നിയന്ത്രണ വിധേയമാക്കാനോ കഴിയാത്ത ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ.കെ. ശൈലജ ടീച്ചർ): പകർച്ചവ്യാധികൾ നിയന്ത്രിക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനംമൂലം പനി പടരുന്നത് വർദ്ധിച്ചിട്ടുണ്ട്. H1 N1 പനി റിപ്പോർട്ട് ചെയ്തയുടൻതന്നെ ഗവൺമെന്റ് ഫലപ്രദമായ ഇടപെടൽ നടത്തുകയും ജില്ലാതല ഉദ്യോഗസ്ഥരുൾപ്പെടെയുള്ളവർക്ക് വ്യക്തമായ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. നിരന്തര ബോധവൽക്കരണത്തിലൂടെ പനി പടരുന്നത് ഒരു പരിധിവരെ പിടിച്ചുനിർത്താൻ കഴിഞ്ഞിട്ടുണ്ട്. പ്രതിരോധ പ്രവർത്തനങ്ങൾക്കായി 73 ലക്ഷം രൂപയും വാർഡ് തലത്തിൽ നൽകേണ്ട 25,000 രൂപയും നൽകിയിട്ടുണ്ട്. ഏതെങ്കിലും വാർഡിൽ തുക ലഭിച്ചിട്ടില്ലെങ്കിൽ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. പകർച്ചവ്യാധികൾ റിപ്പോർട്ട് ചെയ്യുന്നതിന് ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടറുടെ ഓഫീസിൽ പ്രത്യേക സംവിധാനമൊരുക്കിയിട്ടുണ്ട്. പകർച്ചപ്പനി റിപ്പോർട്ട് ചെയ്യാനും പനി പടരുന്നുണ്ടോ എന്ന് കണ്ടെത്തി ഇടപെടൽ നടത്തുന്നതിനും ആരോഗ്യ

വകുപ്പുമായി ബന്ധപ്പെട്ട എല്ലാ ഓഫീസുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുകയും സ്റ്റാഫിന്റെ കുറവ് പരിഹരിച്ചുവരികയുമാണ്. എല്ലാ പി.എച്ച്.സി.-കളിലും ആവശ്യത്തിന് ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. പകർച്ചവ്യാധികൾ തടയുന്നതിന് ആരോഗ്യവകുപ്പ് സമഗ്രമായ ഇടപെടൽ നടത്തിയിട്ടുണ്ട്. ഹരിതകേരളം പദ്ധതിയുടെ കീഴിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, അനൂപ് ജേക്കബ്, കെ. എം. മാണി, ഡോ. എം. കെ. മുനീർ എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭവിട്ട് പുറത്തുപോയി. ശ്രീ. ഒ. രാജഗോപാലും പ്രസ്താവന നടത്തിയശേഷം സഭവിട്ട് പുറത്തുപോയി.

സഭ വിട്ടു പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം തിരികെ ഹാജരായി.)

## III ശ്രദ്ധക്ഷണിക്കൽ

### (1) ജലസംരക്ഷണ പദ്ധതികൾ

ശ്രീ. കെ. ബി. ഗണേഷ് കുമാർ: ഭാരതപ്പുഴ, ശാസ്താംകോട്ട തടാകങ്ങളിലും പേപ്പാറ, അരുവിക്കര, നെയ്യാർ, മലമ്പുഴ ഡാമുകളിലും വെള്ളമില്ലാത്ത സാഹചര്യത്തിൽ ഭൂഗർഭജലം ശേഖരിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കണം. നിലവിൽ കൊല്ലം, പാലക്കാട് ജില്ലകളിലാണ് ഏറ്റവും കൂടുതൽ ജലക്ഷാമമനുഭവപ്പെടുന്നത്. തോടുകൾ, കുളങ്ങൾ, തടാകങ്ങൾ എന്നിവയിലേയ്ക്കും ഡാമുകളിലെ റിസർവോയറുകളിലേയ്ക്ക് വെള്ളം വരുന്ന ചാലുകളിലും തടയണകൾ നിർമ്മിക്കാൻ നടപടി സ്വീകരിക്കണം. വേനൽക്കാലത്ത് കുഴൽക്കിണർ തുരുമ്പുപിടിച്ച് പാഴായിപ്പോകുന്നത് തടയാനും റീചാർജ്ജ് ചെയ്യാനും മഴവെള്ളം ഭൂമിയിലേയ്ക്ക് ചാർജ്ജ് ചെയ്യാനും നടപടി സ്വീകരിക്കണം. തോടുകൾക്കും കുളങ്ങൾക്കും സമീപമുള്ള വീടുകളിൽ വീഴുന്ന മഴവെള്ളം ശുദ്ധീകരിച്ച് ജലാശയങ്ങളിൽ എത്തിക്കാനും കേരളത്തിലെ മുഴുവൻ വ്യവസായ ശാലകളുടെയും മുകളിൽ വീഴുന്ന മഴവെള്ളം ശേഖരിക്കാനും ഇൻഡസ്ട്രിയൽ വാട്ടർ സപ്ലൈ സ്കീം ആരംഭിക്കാനും ഭൂഗർഭ ജലചൂഷണം തടയാനും നബാർഡിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി കല്ലടയാറിൽ തടയണ നിർമ്മിക്കാനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): ഹരിതകേരളം മിഷൻ

പൊതുസമൂഹം ഏറ്റെടുക്കേണ്ട ദൗത്യമാണ്. കൂട്ടായ പ്രവർത്തനത്തിലൂടെ മാത്രമേ ജലക്ഷാമം പരിഹരിക്കാൻ സാധിക്കുകയുള്ളൂ. മഴവെള്ളം വേണ്ടവിധത്തിൽ സംഭരിക്കുകയും ഉപയോഗിക്കുകയും ചെയ്താൽ കുടിവെള്ള ക്ഷാമം പരിഹരിക്കാം. വെള്ളപ്പൊക്കത്തിനും ജലക്ഷാമത്തിനും പരിഹാരം കാണാനുള്ള പദ്ധതികളാണ് സർക്കാർ നടപ്പാക്കാൻ ശ്രമിക്കുന്നത്. തടയണ നിർമ്മാണവുമായി ബന്ധപ്പെട്ട ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ തയ്യാറായി വരികയാണ്. നദികളിലും തോടുകളിലുമുള്ള പ്രവർത്തനക്ഷമമല്ലാത്ത തടയണകൾ ബെന്റ് ക്രോസ് ബാറുകൾ, റെഗുലേറ്റർ എന്നിവ പുനരുദ്ധരിക്കാനുള്ള പ്രവൃത്തികളുടെ ഡീറ്റെയിൽഡ് പ്രോജക്ട് തയ്യാറാക്കിവരുന്നു. പൊതുകുളങ്ങളുടെ പ്രാധാന്യം കണക്കിലെടുത്ത് ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. കുഴൽക്കിണറുമായി ബന്ധപ്പെട്ട പ്രശ്നം പരിഹരിക്കാൻ 12.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഡാമുകളുമായി ബന്ധപ്പെട്ട് സൂചിപ്പിച്ച കാര്യങ്ങൾ ഗൗരവത്തോടെ കാണുകയും നടപടികൾ സ്വീകരിക്കുന്നതുമാണ്. തടയണകൾ നിർമ്മിക്കാൻ കിഫ്ബിയിൽ പദ്ധതികൾ രൂപപ്പെടുത്തിയിട്ടുണ്ട്. 'ജലമില്ലെങ്കിൽ ജീവനില്ല, കരുതലോടെ കരുതാം' എന്ന സന്ദേശം ജനങ്ങളിൽ എത്തിക്കാനാവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

(2) കൊച്ചി വാട്ടർ മെട്രോ

ശ്രീ. ഹൈബി ഈഡൻ : ജലഗതാഗത രംഗത്ത് വിപ്ലവം സൃഷ്ടിക്കാനുതകുന്ന വിധത്തിൽ ആധുനിക ബോട്ടുകൾ ഉപയോഗിച്ച് എറണാകുളത്തും പരിസര പ്രദേശങ്ങളിലുള്ള ദ്വീപുകളിലേയ്ക്കും സർവ്വീസ് നടത്തുന്നതിനാണ് കൊച്ചി വാട്ടർ മെട്രോ വിഭാവനം ചെയ്തിരിക്കുന്നത്. അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതോടൊപ്പം ആധുനിക ജെട്ടികൾ, റോഡുകൾ, സ്ട്രീറ്റ് ലൈറ്റുകൾ, ഫീഡർ ബസ് സർവ്വീസുകൾ എന്നിവ ഉൾപ്പെടുത്തി ദ്വീപുകളുടെ വികസനമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഡി.പി. ആർ. പ്രകാരം 2018- ൽ ആദ്യഘട്ടം കമ്മീഷൻ ചെയ്യുമെന്നാണ് പറഞ്ഞിരിക്കുന്നത്. ഭൂമി ഏറ്റെടുക്കൽ കൂടുതൽ വേഗത്തിലാക്കി സമയബന്ധിതമായി കൊച്ചി വാട്ടർ മെട്രോ യാഥാർത്ഥ്യമാക്കണം. കുമ്പളങ്ങി ടൂറിസം വില്ലേജ്, കുമ്പളം, അരൂർ, അരൂക്കുറ്റി, പെരുമ്പളം പ്രദേശത്തേയ്ക്കുകൂടി പദ്ധതി വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കൊച്ചി കായലിന്റെ വിവിധ ഭാഗങ്ങളിൽ താമസിക്കുന്ന ജനങ്ങൾക്ക് വൻകരയിലേയ്ക്കുള്ള യാത്രാസൗകര്യം മെച്ചപ്പെടുത്തുകയും ജീവിതമാർഗ്ഗങ്ങൾ വികസിപ്പിക്കുകയും സാമ്പത്തിക നില മെച്ചപ്പെടുത്തുകയും ചെയ്യുകയെന്നുള്ളതാണ് കൊച്ചിയിലെ സംയോജിത ജല ഗതാഗത പദ്ധതിയുടെ ഉദ്ദേശ്യം. പദ്ധതി നിർവ്വഹണത്തിനായി ജനറൽ

കൺസൾട്ടന്റിനെ നിയമിക്കുന്നതിനുള്ള നടപടി അവസാനഘട്ടത്തിലാണ്. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പദ്ധതിക്ക് പാരിസ്ഥിതികാനുമതി ലഭിക്കുന്നമുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. ജർമ്മൻ വായ്പാ ഏജൻസി കെ.എഫ്. ഡബ്ല്യു. സംഘത്തിന്റെ ഏപ്രിൽ മാസത്തെ സന്ദർശനത്തിൽ പദ്ധതി പുരോഗതിയിൽ സംതൃപ്തി അറിയിച്ചിട്ടുണ്ട്. ജനറൽ കൺസൾട്ടന്റിനെ നിയമിച്ചതിനുശേഷമുള്ള 20 മാസക്കാലയളവിൽ പദ്ധതിയുടെ ആദ്യഘട്ടം പൂർത്തീകരിക്കാനാണ് പ്രോജക്ട് വിഭാവനം ചെയ്യുന്നത്. വായ്പാ കരാർ അനുസരിച്ച് 2019 അവസാന പാദത്തിൽ പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. നിലവിലെ പദ്ധതി പൂർത്തിയായതിനുശേഷം പരിസരപ്രദേശങ്ങളിലേയ്ക്ക് ഈ സംവിധാനം വ്യാപിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കാം.

## IV സബ്മിഷൻ

### (1) കമ്മിറ്റി പ്രാതിനിധ്യം

ശ്രീ. പി. ടി. തോമസ്: വിശാല കൊച്ചി വികസന അതോറിറ്റിയിലും വൈറ്റില മൊബിലിറ്റി ഹബ്ബിന്റെ ഗവേണിംഗ് ബോഡിയിലും ജനപ്രതിനിധികൾക്കും കളക്ടർക്കും പ്രാതിനിധ്യം നൽകാതിരുന്നത് സംബന്ധിച്ച്

അന്വേഷിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): വൈറ്റില മൊബിലിറ്റി ഹബ്ബുമായി ബന്ധപ്പെട്ട് 2013-ലെ റൂൾസ് ആന്റ് റെഗുലേഷൻസിൽ പറഞ്ഞിരിക്കുന്ന പ്രകാരം ഗവേണിംഗ് ബോഡി, എക്സിക്യൂട്ടീവ് കമ്മിറ്റി എന്നിവയുടെ ഘടന മുഖ്യമന്ത്രി ചെയർമാനായ ഡയറക്ടർ ബോർഡും ചീഫ് സെക്രട്ടറി ചെയർമാനായ എട്ടംഗ എക്സിക്യൂട്ടീവ് കമ്മിറ്റിയുമാണ്. പ്രസ്തുത റൂൾസ് ആന്റ് റെഗുലേഷൻസ് അനുസരിച്ച് പ്രദേശത്തെ എം.പി., എം.എൽ.എ.-മാർ ഗവേണിംഗ് ബോഡി, എക്സിക്യൂട്ടീവ് കമ്മിറ്റി എന്നിവയിൽ അംഗങ്ങളല്ലാത്തതിനാലാണ് 03-12-2016- ലെ ഉത്തരവ് പ്രകാരം പുന:സംഘടിപ്പിച്ച ഗവേണിംഗ് ബോഡിയിലും എക്സിക്യൂട്ടീവ് കമ്മിറ്റിയിലും മേൽപ്പറഞ്ഞ ജനപ്രതിനിധികളെ ഉൾപ്പെടുത്താതിരുന്നത്. 2016-ലെ കേരള നഗര ഗ്രാമാസൂത്രണ ആക്ടിലെ വ്യവസ്ഥകളനുസരിച്ചാണ് ജി.സി.ഡി.എ. പുന:സംഘടിപ്പിച്ചിരിക്കുന്നത്. അതിൻപ്രകാരം മേയർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ജില്ലാ കളക്ടർ എന്നിവർ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളല്ല. 16-12-16-ൽ പുന:സംഘടിപ്പിച്ച ജി.സി.ഡി.എ. ജനറൽ കൗൺസിലിലേയ്ക്ക് തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്നുള്ള പ്രതിനിധികളെ നാമനിർദ്ദേശം ചെയ്യുന്ന മുറയ്ക്ക് ഈ വിഭാഗത്തിലെ അംഗങ്ങളെ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ഉൾപ്പെടുത്താൻ കഴിയുന്നതാണ്.

(2) <u>ജീവൻ രക്ഷാ ഉപകരണങ്ങൾ അനുവദിക്കൽ</u>

<u>ശ്രീമതി സി. കെ. ആശ</u>: വൈക്കം ഫയർ സ്റ്റേഷനിൽ സ്കൂബാ സെറ്റ്, ഫ്ലോട്ട് പമ്പ്, ബി.എ. സെറ്റ് , ജീപ്പ്, സ്പീഡ് ബോട്ട്, മൊബൈൽ ടാങ്ക് യൂണിറ്റ് തുടങ്ങിയ ആധുനിക ജീവൻരക്ഷാ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): കഴിഞ്ഞ ഒരു മാസത്തിനിടയിൽ വൈക്കത്തും സമീപ പ്രദേശങ്ങളിലുമായി ആറുപേർ മുങ്ങിമരിച്ചപ്പോൾ വൈക്കം അഗ്നിരക്ഷാ നിലയത്തിൽനിന്നാണ് രക്ഷാ പ്രവർത്തനം നടത്തിയത്. ഇത് 28-11-2015-ൽ പ്രവർത്തനമാരംഭിച്ചെങ്കിലും സ്കൂബാ സെറ്റുപോലെയുള്ള ജീവൻരക്ഷാ ഉപകരണങ്ങൾ ലഭ്യമാക്കിയിരുന്നില്ല. 2016-17 -ലെ വാർഷിക പദ്ധതി വിഹിതം ഉപയോഗിച്ച് 73 സ്കൂബാ സെറ്റ് വിത്ത് ഡൈവിംഗ് സ്യൂട്ട് വാങ്ങുന്നതിനുള്ള സപ്ലൈ ഓർഡർ ലഭിച്ചാലുടൻതന്നെ വൈക്കം അഗ്നിരക്ഷാ നിലയത്തിന് സ്കൂബാ സെറ്റ് നൽകുന്നതോടൊപ്പം ആവശ്യമായ മറ്റ് ഉപകരണങ്ങളും ലഭ്യമാക്കാൻ സാധിക്കും. അഗ്നിരക്ഷാ നിലയത്തിൽ ഇത്തരം ഉപകരണങ്ങൾ ഉണ്ടായതുകൊണ്ടുമാത്രം മുങ്ങിമരണം ഒഴിവാക്കാൻ കഴിയില്ല. മതിയായ ബോധവത്കരണവും മറ്റ് മുൻകരുതലുകളും ആവശ്യമാണ്. ഇതിനായി അഗ്നിരക്ഷാസേന പ്രദേശവാസികളുടെ സഹകരണത്തോടുകൂടി കമ്മ്യൂണിറ്റി റെസ്ക്യൂ വോളന്റിയർ സേന രൂപീകരിച്ചിട്ടുണ്ട്.

(3) ബേക്കൽ ടൂറിസം

ശ്രീ. കെ. കുഞ്ഞിരാമൻ: കാസർഗോഡ് ജില്ലയിലെ ബേക്കൽ ടൂറിസം വികസന പ്രവർത്തനത്തിന്റെ ഭാഗമായി എയർസ്ട്രിപ്പ് സ്ഥാപിക്കുന്നതിനും പാർക്കുകളുടെയും കെ.റ്റി.ഡി.സി. കോട്ടേജുകളുടെയും നിർമ്മാണം പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കണം.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): കാസർഗോഡ് ജില്ലയിലെ ബേക്കലിൽ എയർസ്ട്രിപ്പ് നിർമ്മാണവുമായി ബന്ധപ്പെട്ട് ബി.ആർ.ഡി.സി.-ക്ക് അനുമതി നൽകിക്കൊണ്ട് പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ എയർസ്ട്രിപ്പിന്റെ സാധ്യതാപഠനം നടത്താൻ സിയാലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എയർസ്ട്രിപ്പ് നിർമ്മാണത്തിനായി കണ്ടെത്തിയ 80.41 ഏക്കർ സ്ഥലത്തിൽ 51.65 ഏക്കർ സ്വകാര്യ വ്യക്തികളുടേതും 28.76 ഏക്കർ സർക്കാർ ഭൂമിയുമാണ്. ഭൂമി ഏറ്റെടുക്കുന്നതിന്റെ ചെലവ് പരിഗണിക്കുമ്പോൾ എയർസ്ട്രിപ്പ് നിർമ്മാണം ലാഭകരമായി നടത്താൻ സാധിക്കാത്തതിനാൽ വിശദമായ പഠനം ആവശ്യമായി വരും. സുനാമി ഫണ്ടുപയോഗിച്ച് ബേക്കൽ സൗത്ത് ബീച്ചിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചുവെങ്കിലും പണി പൂർത്തീകരിച്ചിരുന്നില്ല. പ്രസ്തുത പാർക്കിന്റെ ഒന്നാംഘട്ട പ്രവൃത്തിക്ക് 138 ലക്ഷം രൂപയും രണ്ടാം ഘട്ട പ്രവൃത്തിക്ക്

110 ലക്ഷം രൂപയും അനുവദിച്ചതിൽ 55 ലക്ഷം രൂപ ബി.ആർ.ഡി.സി.-ക്ക് കൈമാറിയിട്ടുണ്ട്. പാർക്കിന്റെ നിർമ്മാണപ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കും. ബേക്കലിൽ കെ.റ്റി.ഡി.സി.-യുടെ റിസോർട്ട് നിർമ്മാണത്തിന് രണ്ട് കോടി മുപ്പത് ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങളിൽ പോരായ്മയുണ്ടെങ്കിൽ ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുചേർത്ത് അഭിപ്രായ സമന്വയത്തിലൂടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(4) സീരിയലുകളുടെ നിലവാരം

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: ടെലിവിഷൻ ചാനലുകളിൽ സംപ്രേക്ഷണം ചെയ്യുന്ന സീരിയലുകളുടെ നിലവാരം പരിശോധിക്കുന്നതിനും പ്രത്യേക നിയമനിർമ്മാണം നടത്തുന്നതിനും നടപടി സ്വീകരിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): ടി.വി. സീരിയലുകളുടെ നിലവാരത്തകർച്ച നിയന്ത്രിക്കുന്നത് 1995-ൽ പാസ്സാക്കിയ കേബിൾ ടെലിവിഷൻ നെറ്റ്‌വർക്ക് റെഗുലേഷൻ ആക്ട് പ്രകാരം കേന്ദ്ര വാർത്താപ്രക്ഷേപണ മന്ത്രാലയമാണ്. ഈ ആക്ട് പ്രകാരം ചാനലുകളിലൂടെ പ്രക്ഷേപണം ചെയ്യുന്ന പരിപാടികൾക്ക് പ്രോഗ്രാം കോഡ്, അഡ്വർടൈസിംഗ്

കോഡ് എന്നിവ പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കാൻ സംസ്ഥാന മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ചാനലുകളിലൂടെ സംപ്രേക്ഷണം ചെയ്യുന്ന പരിപാടികളെ സംബന്ധിച്ചുള്ള പരാതികൾ സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുകയും സമിതിയുടെ ശിപാർശയോടെ കേന്ദ്ര വാർത്താപ്രക്ഷേപണ മന്ത്രാലയത്തെ അറിയിക്കുകയും ചെയ്യുന്നതാണ് നിലവിലുള്ള നടപടിക്രമം. ഈ ശിപാർശകളിൽ കേന്ദ്രവാർത്താ പ്രക്ഷേപണ മന്ത്രാലയമാണ് തുടർനടപടികൾ സ്വീകരിക്കുന്നത്. ഇക്കാര്യത്തിൽ സംസ്ഥാനത്തിന് പ്രത്യേക നിയമനിർമ്മാണം നടത്താനുള്ള ജൂറിസ്ഡിക്ഷനുണ്ടോയെന്നത് പരിശോധിക്കാം.

(5) <u>ബൈപ്പാസിന് ഭരണാനുമതി</u>

<u>ശ്രീ. റോജി എം. ജോൺ</u>: അങ്കമാലി ബൈപ്പാസിന്റെ ഗുരുതരമായ ഗതാഗത പ്രശ്നം പരിഹരിക്കുന്നതിന് ബൈപ്പാസിന്റെ ഡി.പി.ആർ. കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>): 2016-17-ലെ ബഡ്ജറ്റിൽ അങ്കമാലി-കൊച്ചി എയർപോർട്ട് ബൈപ്പാസിന് കിഫ്ബിയിൽ ഉൾപ്പെടുത്തി അൻപത് കോടി രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പ്രോജക്ടിന് ഭരണാനുമതി ലഭിച്ചാൽ മാത്രമേ കിഫ്ബി മുഖേന മേൽനടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റിന് ഇതുസംബന്ധിച്ച

ഭരണാനുമതി നൽകാവുന്നതാണ്. ലാന്റ് അക്വിസിഷനുള്ള നടപടി സ്വീകരിച്ചുകൊണ്ട് പ്രോജക്ട് എത്രയുംവേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(6) ചികിത്സാപ്പിഴവുമൂലമുള്ള മരണം

ശ്രീ. കെ. എം. ഷാജി: ചികിത്സാപ്പിഴവുമൂലം മരണമടഞ്ഞ കളമശ്ശേരി മെഡിക്കൽ കോളേജിലെ രണ്ടാം വർഷ എം.ബി.ബി.എസ്. വിദ്യാർത്ഥിനി ഷംന തസ്നിമിന്റെ പേരിലുള്ള ക്രൈംബ്രാഞ്ച് അന്വേഷണം പൂർത്തീകരിക്കുന്നതിനും നഷ്ടപരിഹാരത്തുക പുനഃപരിശോധിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): എറണാകുളം സർക്കാർ മെഡിക്കൽ കോളേജിലെ രണ്ടാം വർഷ എം.ബി.ബി.എസ്. വിദ്യാർത്ഥിനിയായ ഷംന തസ്നിം പനി, ചുമ, തൊണ്ടവേദന, ശ്വാസംമുട്ടൽ എന്നിവയെത്തുടർന്ന് 18.07.2016-ന് എറണാകുളം മെഡിക്കൽ കോളേജിൽ ചികിത്സ തേടുകയുണ്ടായി. ജനറൽ മെഡിസിൻ വിഭാഗം മേധാവിയായിരുന്ന ഡോ. ജിൽസ് ജോർജ്ജിന്റെ നിർദ്ദേശാനുസരണം ഇൻജക്ഷൻ കൊടുത്തതിനെത്തുടർന്ന് കുട്ടിയുടെ നില വഷളായി പെട്ടെന്ന് മരണമടഞ്ഞു എന്നാണ് അന്വേഷണ റിപ്പോർട്ട്. ഇക്കാര്യത്തിൽ ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജിലെ പ്രൊഫസറായ ഡോ. ടി.കെ. സുമയുടെ നേതൃത്വത്തിൽ രൂപീകരിച്ച

സംഘത്തിന്റെ അന്വേഷണ റിപ്പോർട്ട് സർക്കാർ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഡോ. ജിൽസ് ജോർജ്ജിനെ അച്ചടക്ക നടപടിക്ക് വിധേയമായി സർവ്വീസിൽനിന്നും മാറ്റിനിർത്തിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചു. ജനറൽ മെഡിസിൻ വിഭാഗം ഫസ്റ്റ് ഇയർ അക്കാഡമിക് ജൂനിയർ റസിഡന്റായ ഡോ. ബിനോ ജോസും ഇക്കാര്യത്തിൽ അലംഭാവം കാട്ടിയതായി സർക്കാരിന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടിയാനെയും സർവ്വീസിൽ നിന്ന് മാറ്റിനിർത്തിയിട്ടുണ്ട്. ഇവർ സമർപ്പിച്ച അപ്പീലുകൾ പരിശോധിച്ച് സർവ്വീസിൽ പുനഃപ്രവേശനം നൽകിയിട്ടുണ്ട്. നടപടിക്രമങ്ങളിലെ വീഴ്ചയുമായി ബന്ധപ്പെട്ട ഡോക്ടർമാർ, നഴ്സുമാർ എന്നിവരുടെ കർത്തവ്യാനുഷ്ഠാനത്തിൽ അന്വേഷണം നടത്തുന്നതിന് 23.11.2016-ന് വീണ്ടും ഉത്തരവാകുകയും ഒരു വിദഗ്ധ സമിതിയെ നിശ്ചയിക്കുകയുമുണ്ടായി. ഈ റിപ്പോർട്ടുകൾ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഡോ. ജിൽസ് ജോർജ്ജിന് വീഴ്ച സംഭവിച്ചിട്ടുള്ളതായി ബോധ്യപ്പെടുകയും അച്ചടക്ക നടപടിക്ക് വിധേയമായി സർവ്വീസിൽനിന്ന് മാറ്റിനിർത്തിക്കൊണ്ട് ഉത്തരവാകുകയും ചെയ്തു. ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ ചേർന്ന ബോർഡ് യോഗത്തിൽ പോസ്റ്റ് മോർട്ടം ചെയ്ത ഡോക്ടർ നൽകിയ വിയോജനക്കുറിപ്പ് അപ്പെക്സ് ബോഡിക്ക് അയയ്ക്കാത്തതിനാൽ വീണ്ടും പരിഗണിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. കെ. എ. അബൂട്ടി സർക്കാരിൽ അപേക്ഷ

നൽകുകയും 24.11.2016-ൽ കൂടിയ അപ്പെക്സ് കമ്മിറ്റി ഈ വിഷയം പരിഗണിക്കുകയും ചെയ്തു. ഇത്തരത്തിലുള്ള ദാരുണ മരണങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള മുൻകരുതൽ സ്വീകരിക്കുന്നതിന് ചില നിർദ്ദേശങ്ങൾ ഡോ. ടി.കെ. സുമയുടെ നേതൃത്വത്തിലുള്ള കമ്മിറ്റി സമർപ്പിച്ചിട്ടുണ്ട്. നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണ്.

(7) കെ.എസ്.ടി.പി. റോഡ് നിർമ്മാണം

ശ്രീ. രാജു എബ്രഹാം: മലയോര പ്രദേശത്തുകൂടി കടന്നുപോകുന്ന പുനലൂർ-മൂവാറ്റുപുഴ കെ.എസ്.ടി.പി. റോഡിന്റെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): പുനലൂർ-പൊൻകുന്നം റോഡിന്റെ നിർമ്മാണം 2,403 കോടി രൂപയുടെ ലോക ബാങ്ക് സഹായത്തോടെ കെ.എസ്.ടി.പി. പദ്ധതി വഴി നടത്താനാണ് തീരുമാനിച്ചിരിക്കുന്നത്. പണിയുടെ അടങ്കൽ തുകയുടെ 40 ശതമാനം ലോകബാങ്ക് സഹായമായും ബാക്കി 60 ശതമാനം തുക 10 വർഷംകൊണ്ട് വാർഷിക ഇനത്തിൽ സംസ്ഥാന സർക്കാർ കൊടുത്ത് തീർക്കണമെന്നുമാണ് വ്യവസ്ഥ. ഈ പ്രവൃത്തി രണ്ടര വർഷംകൊണ്ട് തീർക്കേണ്ടതും തുടർന്ന് 10 വർഷത്തേയ്ക്ക് റോഡ് നിശ്ചിത സാങ്കേതിക മാനദണ്ഡങ്ങൾക്കനുസൃതമായി കരാറുകാരൻ ഉന്നതനിലവാരത്തിൽ

പരിപാലിക്കേണ്ടതുമാണ്. സർക്കാർ സ്ഥലം ഏറ്റെടുക്കുകയും കരാറുകാരുടെ യോഗ്യത നിർണ്ണയിക്കുന്നതിനുള്ള അപേക്ഷകൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രീ-ക്വാളിഫിക്കേഷന് 4 ദർഘാസുകൾ ലഭിച്ചിരുന്നെങ്കിലും ഒരു കമ്പനി മാത്രം യോഗ്യത നേടിയതിനാൽ വീണ്ടും ദർഘാസ് ക്ഷണിക്കാൻ തീരുമാനിച്ചു. ലോക ബാങ്കിന്റെ എൻ.ഒ.സി. വാങ്ങിയശേഷം 17.08.2016-ൽ റീ-ടെണ്ടർ ചെയ്തപ്പോൾ ലഭിച്ച 8 ദർഘാസുകൾ പരിശോധനയ്ക്കുശേഷം 07.02.2017-ലെ സ്റ്റിയറിംഗ് കമ്മിറ്റി പ്രീ-ക്വാളിഫൈ ചെയ്യുകയും ലോകബാങ്കിന്റെ എൻ.ഒ.സി.-ക്ക് അയച്ചിരിക്കുകയുമാണ്. എൻ.ഒ.സി. ലഭിച്ചാലുടൻ ഫൈനാൻഷ്യൽ ബിഡ് ക്ഷണിക്കുന്നതാണ്. മേൽനോട്ടം വഹിക്കുന്നതിനുള്ള ഇൻഡിപെന്റന്റ് എഞ്ചിനീയറെ അന്തർദ്ദേശീയ ദർഘാസ് മുഖാന്തിരം നിയമിക്കേണ്ടതാണ്. പി.പി.പി. പ്രോജക്ടായി ചെയ്യാനുദ്ദേശിക്കുന്നതിനാൽ ഫൈനാൻഷ്യൽ ബിഡ് സ്വീകരിച്ച് കരാറുകാരനെ തെരഞ്ഞെടുക്കുന്ന പ്രവൃത്തി തുടങ്ങുന്നതിന് 6 മാസമെങ്കിലും വേണ്ടിവരും. 2020 ആദ്യത്തോടെ മാത്രമേ റോഡ് കമ്മിഷൻ ചെയ്യാൻ സാധിക്കുകയുള്ളൂ. ഈ കാര്യങ്ങളെല്ലാം കേന്ദ്ര സർക്കാരിലെ സാമ്പത്തികകാര്യ വകുപ്പിന്റെയും ലോക ബാങ്കിന്റെയും അംഗീകാരം തേടി നടപ്പാക്കാൻ ശ്രമിക്കുന്നതാണ്. കെ.എസ്.ടി.പി. റോഡ് ഏറ്റെടുക്കേണ്ട സമയം ആയിട്ടില്ല. ഈ റോഡിന്റെ അറ്റകുറ്റപ്പണികൾ മരാമത്ത് വകുപ്പ് നടത്തുന്നതാണ്.

(8) മുൻഗണനാ ലിസ്റ്റ്

ശ്രീ. എ. എൻ. ഷംസീർ: റേഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള അന്തിമ മുൻഗണനാ ലിസ്റ്റിലെ അപാകതകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സംസ്ഥാനത്തിന്റെ 2011 -ലെ സെൻസസ് പ്രകാരം 1.54 കോടി ജനങ്ങളെയാണ് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന ഫോറങ്ങളിൽനിന്നും ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ ഡാറ്റാ എൻട്രി നടത്തി സർക്കാർ നിശ്ചയിച്ച മാനദണ്ഡ പ്രകാരമാണ് കരട് മുൻഗണനാ പട്ടിക പ്രസിദ്ധീകരിച്ചത്. പ്രസ്തുത കരട് പട്ടികയിൽ ആക്ഷേപമുള്ളപക്ഷം തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ വെരിഫിക്കേഷൻ കമ്മിറ്റി മുമ്പാകെ പരാതി സമർപ്പിക്കാനും കമ്മിറ്റിയുടെ തീരുമാനത്തിൽ പരാതികളുള്ളപക്ഷം ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള അപ്പീൽ കമ്മിറ്റിക്ക് പരാതി സമർപ്പിക്കാനും അവസരം നൽകിയിരുന്നു. ഇപ്രകാരം ലഭിച്ച പരാതികളിന്മേൽ തീർപ്പ് കൽപ്പിച്ച് അർഹരായവരെക്കൂടി ഉൾപ്പെടുത്തി അന്തിമ പട്ടിക തയ്യാറാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്. അനർഹരെക്കുറിച്ചുള്ള പരാതികളും അർഹരുടെ അപേക്ഷകളും ലഭ്യമാക്കി ഇതിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് അനർഹരെ ഒഴിവാക്കി റീ-റാങ്കിംഗ്

നടത്തുന്നതാണ്. റേഷൻ കാർഡ് വിതരണം ചെയ്തതിനുശേഷം മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുകയോ ഒഴിവാക്കപ്പെടുകയോ ചെയ്തിട്ടുണ്ടെങ്കിൽ അക്കാര്യം പരിശോധിച്ച് നടപടിയെടുക്കുന്നതാണ്.

(9) സ്റ്റേഡിയത്തിന്റെ നവീകരണം

ശ്രീ. കെ. എം. മാണി: എസ്.ഡി.ജി.-യിൽ നിന്ന് തുക അനുവദിച്ച് നാഷണൽ ഗെയിംസ് അതോറിറ്റിയുടെ ആഭിമുഖ്യത്തിലുള്ള പാലാ സ്റ്റേഡിയം നവീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): പ്രസ്തുത സ്റ്റേഡിയത്തിന്റെ നവീകരണത്തിനായി എസ്.ഡി.ജി.-യിൽ പ്രൊപ്പോസൽ നൽകിയെങ്കിലും ഫണ്ട് ലഭ്യമാക്കാൻ സാധിച്ചില്ല. കോൺട്രാക്ടർമാർക്ക് കുടിശ്ശിക നൽകുന്നതിനും ശേഷിച്ച പണികൾ പൂർത്തിയാക്കി സ്റ്റേഡിയം പ്രവർത്തനക്ഷമമാക്കുന്നതിനും 3 കോടി രൂപ അടിയന്തരമായി ലഭ്യമാക്കണമെന്ന് സ്പോർട്സ് എഞ്ചിനീയറിംഗ് വിംഗിലെ ചീഫ് എഞ്ചിനീയർ ആവശ്യപ്പെട്ടിട്ടുണ്ട്. ധനകാര്യ വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്ത് ഫണ്ട് ലഭ്യമാക്കി പദ്ധതി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(10) കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഭരണസമിതി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സഹകരണ പ്രസ്ഥാനത്തിനാകെ മാതൃകയായ

ഇന്ത്യൻ കോഫി ബോർഡ് വർക്കേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ഭരണസമിതി പിരിച്ചുവിട്ട നടപടി പുനഃപരിശോധിക്കുന്നതിനും പ്രവർത്തനം സുഗമമാക്കുന്നതിനും നടപടി സ്വീകരിക്കണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): അന്വേഷണത്തിൽ ഗുരുതരമായ അഴിമതിയും ക്രമക്കേടും സഹകരണ നിയമത്തിനും ചട്ടത്തിനും വിരുദ്ധമായ ഭരണനിർവ്വഹണവും നടന്നുവെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ബന്ധപ്പെട്ട ഭരണസമിതി പിരിച്ചുവിടുകയുണ്ടായി. ഇതിനെതിരെ ഫയൽ ചെയ്ത കേസുകൾ ഹൈക്കോടതിയുടെ പരിഗണനയിലാണ്. ജീവനക്കാരുടെ ശമ്പള വിതരണത്തിൽ വീഴ്ചയുണ്ടായിട്ടില്ല. നിലവിൽ സംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ട്.

## V മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

## VI റിപ്പോർട്ട് സമർപ്പണം

1. കാര്യോപദേശക സമിതിയുടെ ഏഴാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.
2. അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ഏഴാമത്

റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## VII റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ ഏഴാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

## VIII ധനകാര്യം

2017-18 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXIX - കൃഷി (2668,15,96,000 രൂപ)

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXI - മൃഗസംരക്ഷണം (555,94,67,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXXII - ക്ഷീരവികസനം (128,85,47,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXXIV- വനം (566,99,53,000 രൂപ)

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): കൃഷി

എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയേയും മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയേയും ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയേയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവനകൾ മേശപ്പുറത്ത് വയ്ക്കുന്നു.

(ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടു.)

ശ്രീ. കെ. വി. വിജയദാസ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ശാസ്ത്ര സാങ്കേതികവിദ്യയുടെ സഹായത്തോടെ കൃഷിയെ ആധുനികവൽക്കരിച്ച് ഉത്പാദനം വർദ്ധിപ്പിക്കാനുള്ള ഗവൺമെന്റിന്റെ ശ്രമം അഭിനന്ദനാർഹമാണ്. ഉൽപ്പാദനത്തോടൊപ്പം കമ്പോളം, സംസ്കരണം തുടങ്ങിയവ ഫലപ്രദമാക്കുന്നതിനും കാർഷിക സർവ്വകലാശാലയും ഗവേഷകരും കർഷകരും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിനും നെൽകർഷകരുടെ ജീവിതനിലവാരം ഉയർത്തുന്നതിനും നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. നെല്ലിന്റെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കാൻ പാടശേഖര സമിതികൾ മുഖേന പദ്ധതികൾ ആരംഭിക്കണം. പുതിയ വിത്തിനങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നതിനും പാഡി ഡെവലപ്മെന്റ് ബോർഡ് രൂപീകരിക്കുന്നതിനുമുള്ള നടപടി ഉണ്ടാകണം. നാളികേരം സംഭരിക്കുന്നതിനും ജൈവ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിനും സർക്കാർ നടപടി സ്വീകരിച്ചത് ആശ്വാസകരമാണ്.

നാളികേരത്തിൽനിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുണ്ടാക്കി ബ്രാന്റ് നെയിം നൽകി വിപണിയിലിറക്കാൻ തയ്യാറാകണം. കാർഷികോൽപ്പന്നങ്ങൾക്ക് കേരള ബ്രാന്റ് കൊണ്ടുവരുന്നതിനും കാർഷിക മേഖലയിലേയ്ക്ക് കടന്നുവരുന്ന സെലിബ്രിറ്റികളെ പ്രോത്സാഹിപ്പിക്കുന്നതിനും മുൻകയ്യെടുക്കണം. മിൽമ പാലിന്റെ വില നിർണ്ണയ ചാർട്ടും വ്യവസ്ഥകളും പരിഷ്കരിക്കുന്നതിനും പാലുൽപ്പാദകരെ ക്ഷേമനിധിയിൽ അംഗങ്ങളാക്കുന്നതിനും ക്ഷീരോൽപ്പാദനച്ചെലവ് കുറയ്ക്കുന്നതിനായി പോഷകാഹാരമടങ്ങിയ ടോട്ടൽ മിക്സ്ഡ് റേഷൻ കാലിത്തീറ്റ ഉൽപ്പാദിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. മൃഗസംരക്ഷണ മേഖലയിലെ വായ്പകൾ കാർഷിക വായ്പകളായി പരിഗണിക്കാൻ ബാങ്കുകൾക്ക് നിർദ്ദേശം നൽകണം. ആദിവാസി മേഖലകളിലെ വികസന പ്രവർത്തനങ്ങൾക്ക് വനം വകുപ്പ് ഉദ്യോഗസ്ഥർ മുൻകയ്യെടുക്കണം. വനം വകുപ്പിലെ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും റാപ്പിഡ് റെസ്പോൺസ് ടീമിന് ആവശ്യമായ വാഹനങ്ങളും ഉപകരണങ്ങളും നൽകുന്നതിനും നടപടി സ്വീകരിക്കണം. കാട്ടുമൃഗങ്ങളുടെ ആക്രമണത്തിൽനിന്ന് ജനങ്ങളെ രക്ഷിക്കാൻ ഫെൻസിംഗ് വ്യാപകമാക്കുന്നതിനും കാട്ടാനകളുടെ ആക്രമണത്തിൽ കൊല്ലപ്പെടുന്നവർക്കുള്ള നഷ്ടപരിഹാരത്തുക പത്തുലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. ആറൻമുളയിലും മെത്രാൻ കായലിലും കൃഷിയിറക്കാനും കാർഷിക മേഖലയെ

ശക്തിപ്പെടുത്താനും ഗവൺമെന്റിന് സാധിച്ചു.

<u>ശ്രീ. സണ്ണി ജോസഫ്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഈ സർക്കാർ കാർഷിക മേഖലയുമായി ബന്ധപ്പെട്ട് പ്രകടന പത്രികയിൽ പറഞ്ഞ കാര്യങ്ങളൊന്നും നടപ്പാക്കിയിട്ടില്ല. വന്യജീവി ആക്രമണത്തിന് വിധേയരാകുന്നവർക്ക് നൽകിവരുന്ന നഷ്ടപരിഹാരത്തുക ഇരട്ടിയായി വർദ്ധിപ്പിക്കുന്നതിനും കാർഷികനയം നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. ആർ. രാമചന്ദ്രൻ.</u> : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കൃഷി വകുപ്പിന്റെ ഇച്ഛാശക്തിയോടെയുള്ള പ്രവർത്തനഫലമായി നിരവധി ആളുകളെ കാർഷിക വൃത്തിയിലേയ്ക്ക് ആകർഷിക്കുന്നതിന് സാധിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ ഉണ്ടായിരുന്ന നെൽവയലുകളുടെ വിസ്തൃതി ഉയർത്താൻ സാധിച്ചിട്ടുണ്ട്. നെൽ കൃഷിയും നെൽപ്പാടങ്ങളും സംരക്ഷിക്കുകയെന്നത് സാമൂഹ്യ പ്രതിബദ്ധതയുടെ ഭാഗമാണെന്ന് മനസ്സിലാക്കി ഒരു വർഷക്കാലം നെൽ വർഷമായി ആചരിക്കുകയാണ്. നെൽകൃഷിയുടെ മാത്രം വികസനത്തിനായി 70 കോടി രൂപ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. നാളികേര മേഖലയ്ക്കായി 45 കോടി രൂപയും ജൈവകൃഷി പ്രോത്സാഹനത്തിനായി 10 കോടി രൂപയും നീക്കിവച്ചിട്ടുണ്ട്. കാർഷിക മേഖലയിൽ യന്ത്രവത്ക്കരണം നടപ്പാക്കുന്നതിന് സർക്കാർ ലക്ഷ്യമിടുകയാണ്. വിള ഇൻഷ്വറൻസ് തുക പത്തിരട്ടിവരെ

വർദ്ധിപ്പിക്കുകയും പരമ്പരാഗത വിത്തിനങ്ങളുടെ സംരക്ഷണത്തിനായി ആധുനിക സീഡ് ബാങ്ക് ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഒരുക്കുകയും കാർഷിക വിഭവങ്ങളുടെ വിപണനം, സംഭരണം എന്നിവയ്ക്ക് ആവശ്യമായ തുക വകയിരുത്തുകയും ചെയ്തിട്ടുണ്ട്. വനനശീകരണം തടയുന്നതിനും വന്യജീവി സംരക്ഷണം ഉറപ്പാക്കുന്നതിനും അവയുടെ ആക്രമണം ഒഴിവാക്കുന്നതിനും ദീർഘ വീക്ഷണത്തോടെയുള്ള സമീപനമാണ് വനം-വന്യജീവി വകുപ്പ് സ്വീകരിച്ചുവരുന്നത്. വനാതിർത്തിയുടെ സംരക്ഷണത്തിനും കണ്ടൽ വനങ്ങൾ വച്ചുപിടിപ്പിച്ച് തണ്ണീർത്തടങ്ങൾ സംരക്ഷിക്കുന്നതിനും ആവശ്യമായ തുക വക കൊള്ളിച്ചിട്ടുണ്ട്. കാവുകളും കുളങ്ങളും സംരക്ഷിക്കുന്നതിന് നൽകിവരുന്ന പ്രതിഫലം കാലോചിതമായി പരിഷ്കരിക്കുന്നതിനും സോഷ്യൽ ഫോറസ്ട്രി ക്ലബ്ബുകൾക്ക് കൂടുതൽ ധനസഹായം അനുവദിക്കുന്നതിനും മുഴുവൻ ക്ഷീര കർഷകർക്കും കുടിശ്ശികതീർത്ത് പെൻഷൻ വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കണം. കേരള ഫീഡ്സിന്റെ കരുനാഗപ്പള്ളി മിനി പ്ലാന്റിന് യന്ത്ര സാമഗ്രികൾ വാങ്ങിയവകയിൽ നഷ്ടം വരുത്തിയവർക്കെതിരെ കർശന നടപടിയുണ്ടാകണം.

<u>ശ്രീ. പി. ഉബൈദുള്ള</u> : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കർഷകരുടെ ക്ഷേമത്തിനായി യാതൊരു നടപടിയും സ്വീകരിക്കാൻ ഈ സർക്കാരിന്

സാധിച്ചിട്ടില്ല. സർക്കാരിന്റെ ഉടമസ്ഥതയിലുള്ള 44 സീഡ് ഫാമുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനോ പച്ചത്തേങ്ങ സംഭരിക്കുന്നതിനോ നടപടി സ്വീകരിച്ചിട്ടില്ല. നീര പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിനോ മൂല്യവർദ്ധിത ഉല്പന്നങ്ങളുണ്ടാക്കി കേരകർഷകരെ സഹായിക്കുന്നതിനോ യാതൊരു ശ്രമവും സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുന്നില്ല. കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള റിസർച്ച് സെന്ററുകളിൽ കർഷകർക്ക് സഹായകരമായ ഗവേഷണ പ്രവർത്തനങ്ങൾ നടത്തണം. റബ്ബർ കർഷകരെ സഹായിക്കുന്നതിന് പഞ്ചായത്ത് റോഡുകൾ ഉൾപ്പെടെ റബ്ബറൈസ്ഡാക്കുന്നതിനുള്ള തീരുമാനമുണ്ടാകണം. റബ്ബർ ബോർഡിന്റെ സംസ്ഥാന ഫീൽഡ് ഓഫീസുകളടക്കം അടച്ചുപൂട്ടുന്ന കേന്ദ്ര നിലപാടിനെതിരെ പ്രതികരിക്കാനും വിളനാശത്തിന്റെ നഷ്ടപരിഹാരത്തുകയ്ക്കുള്ള നിബന്ധനകൾ ലഘൂകരിക്കാനും ക്ഷീരകർഷകരും വെറ്റില കർഷകരും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും സർക്കാർ തയ്യാറാകണം.

ശ്രീ. കെ. കൃഷ്ണൻകുട്ടി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. തരിശ് ഭൂമികൾ കൃഷിയോഗ്യമാക്കുന്നതിന് സർക്കാർ നടത്തുന്ന പരിശ്രമങ്ങൾ കാർഷികരംഗത്ത് വലിയ മുന്നേറ്റത്തിന് കാരണമായിട്ടുണ്ട്. കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട കേന്ദ്ര നിർദ്ദേശത്തിന്മേൽ സ്വീകരിക്കുന്ന നിലപാട് വ്യക്തമാക്കണം. കൃഷി വകുപ്പിന്റെ പ്രവർത്തനങ്ങൾ സോഷ്യൽ

ആഡിറ്റിന് വിധേയമാക്കുന്നതിനും കേന്ദ്ര പദ്ധതികളിലടക്കം തുക ചെലവഴിക്കുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ അന്വേഷണം നടത്താനും സർക്കാർ തയ്യാറാകണം. കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന കരാറുകൾമൂലം കാർഷിക മേഖലയ്ക്ക് സംഭവിക്കുന്ന തകർച്ച സംബന്ധിച്ച് ഇതര സംസ്ഥാനങ്ങളിലെ കൃഷി വകുപ്പുമന്ത്രിമാരുമായി ചർച്ച നടത്താൻ സർക്കാർ മുൻകയ്യെടുക്കണം. പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തുന്നതിനും ആർ.കെ.വി.വൈ. പദ്ധതിയിലുൾപ്പെടുത്തി നെൽകർഷകരെ സഹായിക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. പുരുഷൻ കടലുണ്ടി</u> : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വികസന പ്രവർത്തനങ്ങളെ യഥാവിധി ജനങ്ങളിലെത്തിക്കുന്നതിനുപകരം വിവാദങ്ങളുണ്ടാക്കുന്നതിനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. ക്ഷീര കർഷകരുടെ ക്ഷേമം, സഹകരണ മേഖലയുടെ സമഗ്ര വികസനം എന്നീ ലക്ഷ്യത്തോടുകൂടി ക്ഷീര വികസന വകുപ്പിനെ ശാക്തീകരിക്കാനുള്ള നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്. ജില്ലകൾ തോറുമുള്ള ക്ഷീര സംഘങ്ങളെ ശക്തിപ്പെടുത്തുകയും ആധുനികവത്ക്കരിക്കുകയും ചെയ്തുകൊണ്ട് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ച് മുന്നോട്ടുപോകുന്ന സർക്കാരിന്റെ പ്രവർത്തനങ്ങളെ അഭിനന്ദിക്കുന്നു. ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങളനുസരിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങൾ വിതരണം ചെയ്യുന്നതിനും

ഗ്രാമീണ വിജ്ഞാന വ്യാപനരംഗത്ത് ഗുണകരമായ പ്രവർത്തനങ്ങൾ നടപ്പാക്കാനാണ് ലക്ഷ്യമിടുന്നത്. കോഴിക്കോട് ജില്ലയിലെ തിരുവണ്ണൂരിൽ കാലിത്തീറ്റ ഫാക്ടറി ആരംഭിക്കുന്നതോടെ ക്ഷീര കർഷകർക്ക് ന്യായമായ വിലയ്ക്ക് ഗുണമേന്മയുള്ള കാലിത്തീറ്റ ലഭ്യമാക്കാൻ സാധിക്കും. ക്ഷീര കർഷകരുടെ പെൻഷൻ 1100 രൂപയാക്കി വർദ്ധിപ്പിക്കാനും ക്ഷീരോല്പാദന രംഗത്ത് സ്വയം പര്യാപ്തത നേടാനും സർക്കാരിന് സാധിച്ചു. മനുഷ്യ-വന്യജീവി സംഘട്ടനം ഫലപ്രദമായി നേരിടാൻ ജനജാഗ്രതാ സമിതി രൂപീകരിച്ചു. വന്യജീവി സംരക്ഷണത്തിന്റെ ഭാഗമായി മൃഗശാലകൾക്ക് തനത് ആവാസ വ്യവസ്ഥ സൃഷ്ടിച്ച് സന്ദർശകർക്ക് കൂടുതൽ സൗകര്യങ്ങൾ നൽകാനുള്ള നടപടി പ്രശംസനീയമാണ്.

<u>ശ്രീ. കെ. എം. മാണി</u> : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. മുടങ്ങിക്കിടക്കുന്ന കർഷക പെൻഷനും നെല്ല് സംഭരണവിലയും കൊടുക്കാനുള്ള നടപടി സ്വീകരിക്കണം. നിയമസഭ പാസ്സാക്കിയ കാർഷിക നയം നടപ്പാക്കാൻ തയ്യാറാകണം. കാർഷിക മേഖലയിൽ ആധുനിക സാങ്കേതിക വിദ്യ കൊണ്ടുവരുന്നതിന് ഗവൺമെന്റിന്റെ ശക്തമായ ഇടപെടലുകളാവശ്യമാണ്. നാനോ ടെക്നോളജിയുടെയും ബയോ ടെക്നോളജിയുടെയും അനന്തമായ സാദ്ധ്യതകൾ കൃഷിയിടങ്ങളിൽ എത്തിക്കാൻ കൂട്ടായ ചർച്ചയുണ്ടാകണം. നാനോ ടെക്നോളജിയുടെ ഭാഗമായി വികസിപ്പിച്ച അത്യുൽപ്പാദനശേഷിയുള്ളതും കീടങ്ങളെ അതിജീവിക്കാൻ

ശേഷിയുള്ളതുമായ വിത്തുകൾ കൃഷിയിടങ്ങളിൽ എത്തിക്കാനുള്ള നടപടി സ്വീകരിക്കണം. ഭക്ഷ്യ സംസ്കരണ സാങ്കേതിക വിദ്യ നടപ്പാക്കണം. കീടങ്ങളെ പ്രതിരോധിക്കാൻ ശേഷിയുള്ള ആന്റി മൈക്രോ ബയോ കോട്ടിംഗുള്ള പ്ലാസ്റ്റിക് ക്യാരി ബാഗ് ഉപയോഗിച്ച് കൃഷി ചെയ്യുന്നതിനുള്ള സാധ്യതകളെക്കുറിച്ച് പരിശോധിക്കണം. കൃഷി ആദായകരമാക്കുന്നതിനുള്ള ടെക്നോളജി കൊണ്ടുവരുന്നതിനും നവീന കൃഷി രീതികൾ കൃഷിക്കാരിൽ എത്തിക്കാനും നടപടി സ്വീകരിക്കണം. റബ്ബർ ബോർഡിന്റെ സഹകരണത്തോടെ റബ്ബറിന്റെ സാദ്ധ്യതകൾ വികസിപ്പിക്കുന്നതിനുള്ള നടപടി കൈക്കൊള്ളണം. കർഷകത്തൊഴിലാളി പെൻഷൻ കൃത്യമായി നൽകുന്നതിനും കേന്ദ്ര സഹായ പദ്ധതികൾക്കുപുറമെ കൂടുതൽ ആശ്വാസ പദ്ധതികൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം. കാർഷിക മേഖലയെ ആധുനികവത്ക്കരിച്ച് അഭ്യസ്തവിദ്യരുൾപ്പെടെയുള്ള ആളുകളെ ആകർഷിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കണം. കാർഷികോത്പ ന്നങ്ങൾക്ക് ആദായകരമായ വില ഉറപ്പുവരുത്തുന്നതിന് വിപണി ഇടപെടൽ നടത്തുകയും കിലോയ്ക്ക് 200 രൂപ നിരക്കിൽ മിനിമം വില നൽകി റബ്ബർ സംഭരിക്കുന്നതിനും തയ്യാറാകണം. റബ്ബർ ഇറക്കുമതി നിയന്ത്രിക്കാൻ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം. കേന്ദ്ര റബ്ബർ നയം രൂപീകരിക്കുന്നതിന് മുന്നോടിയായി സർവ്വകക്ഷി സംഘത്തെ അയച്ച് കേരളത്തിന്റെ ആവശ്യങ്ങൾ

ബോദ്ധ്യപ്പെടുത്തുന്നതിനും നിർദ്ദേശങ്ങൾ നൽകാനുമുള്ള ശ്രമം നടത്തണം. റബ്ബർ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും കൃഷിക്കാരെ സഹായിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

ശ്രീ. എസ്. രാജേന്ദ്രൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വന സംരക്ഷണവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ വ്യക്തത വരുത്തണം. നിയമപരമായ നടപടികളിലൂടെ മിച്ചഭൂമി കണ്ടെത്തുന്നതിനും ഏറ്റെടുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണം. 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതിയിലുൾപ്പെടുത്തി തോട്ടം തൊഴിലാളികൾക്ക് ഭൂമി നൽകാനുള്ള യാതൊരു നടപടിയും യു.ഡി.എഫ്. സർക്കാർ സ്വീകരിച്ചിരുന്നില്ല. പൊതുജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടണം. മൂന്നാർ കയ്യേറ്റവുമായി ബന്ധപ്പെട്ട് വസ്തുനിഷ്ഠമായി കാര്യങ്ങൾ മനസ്സിലാക്കാതെ ഗവൺമെന്റിനെ മോശമായി ചിത്രീകരിക്കാനുള്ള നിലപാടാണ് പ്രതിപക്ഷം സ്വീകരിച്ചിരിക്കുന്നത്. ബയോഡൈവേഴ്സിറ്റിക്ക് കെ.ഡി.എച്ച്. വില്ലേജിൽ 100 ഏക്കർ മിച്ചഭൂമി നൽകുന്നതിനും മൂന്നാറിലുള്ള ആനകളെ എലിഫന്റ് ക്യാമ്പിലേയ്ക്ക് മാറ്റുന്നതിനും മൂന്നാർ കേന്ദ്രീകരിച്ച് ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സിന്റെ ഓഫീസ് ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം. കൃഷി വകുപ്പിന്റെ പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്.

ശ്രീ. പി. സി. ജോർജ്: ഇടുക്കി ജില്ലയിൽ ജോയിന്റ് വെരിഫിക്കേഷൻ

നടത്തി അർഹതപ്പെട്ടവർക്ക് ഭൂമി നൽകുന്നതിന് നടപടി സ്വീകരിക്കണം. ജന പ്രതിനിധികൾ കർഷകരുടെ ഉന്നമനത്തിനായി സത്യസന്ധമായി പ്രവർത്തിക്കണം. വിഷാംശമുള്ള പച്ചക്കറികളും പഴവർഗ്ഗങ്ങളും വിൽക്കുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണം.

ശ്രീ. കെ. കുഞ്ഞിരാമൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കൃഷിക്കാരെ സഹായിക്കുന്നതിന് ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്ന നടപടികൾ ശ്ലാഘനീയമാണ്. കാർഷിക വിളകളുടെ നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുകയും നികത്തിയ നിലങ്ങളിൽ കൃഷിചെയ്തുകൊണ്ട് നെല്ലുത്പാദനം വർദ്ധിപ്പിക്കുകയും നാളികേരം, നെല്ല് തുടങ്ങിയവ സംഭരിച്ച വകയിലുണ്ടായിരുന്ന കുടിശ്ശിക പൂർണ്ണമായും നൽകുകയും ചെയ്തു. കർഷകർക്ക് കൂടുതൽ ആനുകൂല്യം നൽകുന്നതിനും കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിന് ബഡ്ജറ്റിൽ കൂടുതൽ തുക വകയിരുത്തുന്നതിനും കൃഷിഭവനിൽ ആവശ്യമായ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കണം. കർഷകർക്കാവശ്യമായ ഉപദേശം നൽകുന്നതിന് കൃഷി ഓഫീസർമാർക്ക് നിർദ്ദേശം നൽകണം. വനാതിർത്തിയിലെ കൃഷി സംരക്ഷിക്കുന്നതിനായി കൂടുതൽ സൗരോർജ്ജ വേലികൾ, കിടങ്ങുകൾ എന്നിവ നിർമ്മിക്കുന്നതിനും മലയോര കർഷകരെ സഹായിക്കുന്നതിനും കാസർഗോഡുള്ള ദേലംപാടി പഞ്ചായത്തിലേയ്ക്ക് വനാതിർത്തിയിലൂടെ റോഡ് നിർമ്മിക്കുന്നതിനും

നടപടി സ്വീകരിക്കണം. ക്ഷീര കർഷകരുടെ പെൻഷൻ വർദ്ധിപ്പിച്ച നടപടി ശ്ലാഘനീയമാണ്. എല്ലാ ക്ഷീരകർഷകരേയും പെൻഷൻ പദ്ധതിയിലും സമഗ്ര ഇൻഷ്വറൻസ് പദ്ധതിയിലും ഉൾപ്പെടുത്തുന്നതിനും പാലിന്റെ വില വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. വന സംരക്ഷണത്തിനായുള്ള നടപടികളൊന്നും സർക്കാർ സ്വീകരിക്കുന്നില്ല. വന്യമൃഗങ്ങൾ കൃഷി നശിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് വനം വകുപ്പ് ഉദ്യോഗസ്ഥരും കർഷകരും തമ്മിലുണ്ടാകുന്ന സംഘർഷമൊഴിവാക്കാനും കൃഷിനാശത്തിന് ആനുപാതികമായ നഷ്ടപരിഹാരം കർഷകർക്ക് സമയബന്ധിതമായി വിതരണം ചെയ്യാനും നടപടി സ്വീകരിക്കണം. വനം കത്തിനശിക്കുന്നത് തടയാനും ജനങ്ങളെ സംരക്ഷിക്കാനും നടപടി സ്വീകരിക്കണം. വനസംരക്ഷണ സമിതികൾ പ്രവർത്തനക്ഷമമാക്കാനും ഇക്കോ ടൂറിസം മേഖലയിൽ ജോലി ചെയ്തുവരുന്ന പട്ടികവർഗ്ഗക്കാരെ സ്ഥിരപ്പെടുത്താനും വനത്തിനുള്ളിലെ ലീസ് ഭൂമിയിൽ താമസിക്കുന്നവർക്ക് വീടുവയ്ക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ നിലനിൽക്കുന്ന തടസ്സം നീക്കാനും മുത്തങ്ങ സാംഗ്ച്വറി മേഖലയിലെ ഉൾവനങ്ങളിലുള്ള ക്ഷേത്രശിലകൾ സംരക്ഷിക്കാനും നടപടി സ്വീകരിക്കണം. വയനാട് മേഖലയിലെ കർഷകർക്ക് നഷ്ടപരിഹാരം നൽകിയതിലും കാർഷിക മേഖലയിൽ 89 കോടി

രൂപയുടെ പദ്ധതി പ്രഖ്യാപിച്ചതും സന്തോഷകരമായ കാര്യമാണ്. വയനാട്ടിൽ സമഗ്ര കാർഷിക പാക്കേജ് നടപ്പാക്കാനും ദീർഘവീക്ഷണത്തോടുകൂടിയുള്ള പദ്ധതികൾ ആവിഷ്കരിക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. കെ. രാജൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. തരിശ് ഭൂമിയിൽ കൃഷിയിറക്കാനും കരനെൽകൃഷി നടപ്പിലാക്കാനും സാധിച്ചതിലൂടെ നെൽകൃഷി മേഖലയിൽ അഭിമാനകരമായ നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. മെത്രാൻ കായലിലും പാടശേഖരങ്ങളിലും കൃഷിയിറക്കാൻ സാധിച്ചതും നെൽവയൽ തണ്ണീർത്തട നിയമത്തിന് ഡാറ്റാ ബാങ്ക് തയ്യാറാക്കിയതും അഭിനന്ദനാർഹമാണ്. വിജിലൻസ് സ്ക്വാഡുകളെ നിയോഗിച്ച് അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള നിരോധിത കീടനാശിനികളുടെ വരവ് തടഞ്ഞതിലൂടെ കേരളത്തിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. വട്ടവടയിൽ ഗ്രാമീണ ബാങ്കിന്റെ ഒരു ശാഖ കൊണ്ടുവന്നതും കർഷകർക്ക് ഹരിത കാർഡ് വിതരണം ചെയ്തതും 3 ലക്ഷം രൂപ വായ്പകൊടുക്കാൻ തീരുമാനിച്ചതും സ്വാഗതാർഹമാണ്. കാർഷിക സർവ്വകലാശാല 'പാക്കേജ് ഓഫ് പ്രാക്ടീസ്' മലയാളത്തിൽ പ്രസിദ്ധീകരിച്ച് പുതിയ ചിന്തകൾ കൊണ്ടുവരാൻ തീരുമാനമെടുത്തതും കൃഷിക്കാർക്ക് സന്ദർശിക്കാൻ കഴിയുന്ന കൃഷി സഹായകേന്ദ്രമായി അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റിയെ മാറ്റുന്നതിനുവേണ്ടി സമഗ്രമായ പദ്ധതികൾ ആവിഷ്കരിച്ചതും പ്രശംസനീയമാണ്. പാലുല്പന്നങ്ങളുടെ ഗുണനിലവാരം

വർദ്ധിപ്പിക്കാനും മായം കലർന്ന പാൽ തടയാനും സമഗ്രമായ പദ്ധതികൾ ആവിഷ്കരിച്ച സർക്കാരിനെ അഭിനന്ദിക്കുന്നു. കറവപ്പശുക്കളെയും കിടാരികളെയും വിതരണം ചെയ്തുകൊണ്ട് പാലുത്പാദനം വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിച്ചു. ക്ഷീര കർഷകരുടെ പെൻഷൻ വർദ്ധിപ്പിക്കുകയും കടക്കെണിയിലായവർക്ക് 5 കോടി രൂപ അനുവദിക്കുകയും ചെയ്തു. വരൾച്ചാ ദുരിതാശ്വാസത്തിന് സമഗ്ര പദ്ധതി ആവിഷ്കരിച്ചതോടൊപ്പം വനം കയ്യേറ്റം പൂർണ്ണമായി ഒഴിവാക്കാനും വന്യമൃഗങ്ങൾ നാട്ടിലിറങ്ങുന്നത് തടയുന്നതിനായി വനത്തിനുള്ളിലെ ജലസ്രോതസ്സുകൾ കണ്ടെത്തി വികസിപ്പിക്കാനും നടപടി സ്വീകരിച്ചു. വനത്തിനുള്ളിൽ താമസിക്കുന്ന ആദിവാസികൾക്ക് വനവിഭവങ്ങളിലുള്ള അവകാശം അംഗീകരിച്ച് സാമൂഹ്യാവകാശ രേഖ നൽകുന്ന നടപടി ജൂലൈ മാസത്തോടെ പൂർത്തീകരിക്കുന്നതാണ്.

<u>ശ്രീ. പാറക്കൽ അബ്ദുല്ല:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. വനം കയ്യേറ്റവും വനസമ്പത്തിന്റെ കൊള്ളയും നിർബാധം തുടരുകയാണ്. സൈലന്റ് വാലി നാഷണൽ പാർക്കിന്റെ കരുതൽ മേഖലയിൽനിന്ന് നൂറ്റാണ്ടുകൾ പഴക്കമുള്ള മരങ്ങൾ മുറിച്ചുകടത്തിയത് സംബന്ധിച്ച് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കണം. വനത്തിലൂടെ ഒഴുകുന്ന നദികളിൽനിന്നും മണലൂറ്റി വിൽക്കാൻ ശ്രമിക്കുന്നത് തടയണം. വനഭൂമിയുടെ വിസ്തൃതി കുറയുകയും വന്യമൃഗങ്ങൾ പെരുകുകയും ചെയ്യുന്ന സാഹചര്യമാണ് നിലവിലുള്ളത്.

പരിസ്ഥിതിക്കും ജീവജാലങ്ങളുടെ നിലനില്പിനും ഭീഷണിയായ കാട്ടുതീ അണയ്ക്കുന്നതിനും പ്രതിരോധിക്കുന്നതിനും ശാസ്ത്രീയ സംവിധാനങ്ങൾ കണ്ടെത്തേണ്ടത് അത്യാവശ്യമാണ്. വനഭൂമിയിലെ കുടിയേറ്റവും ചന്ദനക്കൊള്ളയും അവസാനിപ്പിക്കാൻ സുരക്ഷാ ജീവനക്കാരെ നിയമിക്കണം. ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് നെല്ലുത്പാദനം വർദ്ധിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. നാളികേര ഉത്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി തെങ്ങുകൃഷി വ്യാപകമാക്കുന്നതിന് നടപടി സ്വീകരിക്കണം. കേരളാ ഫീഡ്സിന്റെ പ്രവർത്തനം മെച്ചപ്പെടുത്താനും അന്യസംസ്ഥാനങ്ങളിൽനിന്ന് രോഗം ബാധിച്ച കന്നുകാലികളെ കൊണ്ടുവരുന്നത് നിയന്ത്രിക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. ബി. ഡി. ദേവസ്സി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സമസ്ത മേഖലകളിലും ജനക്ഷേമപ്രവർത്തനങ്ങളുമായിട്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടു പോകുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ കർഷക ദ്രോഹ നയങ്ങളും കടുത്ത വരൾച്ചയുംമൂലം കഷ്ടപ്പെടുന്ന കർഷകരെ സഹായിക്കാനും ആത്മഹത്യയിൽനിന്ന് ആത്മവവിശ്വാസത്തിലേയ്ക്ക് നയിക്കാനുമാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ ശ്രമിക്കുന്നത്. ഭൂപരിഷ്കരണവും കർഷക കടാശ്വാസ കമ്മീഷനും ഹരിത കേരളം മിഷനും കാർഷിക മേഖലയെ രക്ഷിക്കാനുള്ള ഇടതുപക്ഷ സർക്കാരിന്റെ സംഭാവനകളാണ്. കർഷക പെൻഷൻ ആയിരം രൂപയായി വർദ്ധിപ്പിക്കാനും നെല്ല്

സംഭരിക്കുന്നതിനുമുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. നെൽവയൽ നികത്തുന്നതിനെതിരെ കർശന നടപടി സ്വീകരിക്കുകയും 700 ഏക്കർ നെൽപ്പാടങ്ങളിൽ ജനപങ്കാളിത്തത്തോടെ കൃഷിയിറക്കി നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുകയും ചെയ്തു. വിഷവിമുക്തമായ പച്ചക്കറി കൃഷിചെയ്യുക എന്ന സർക്കാരിന്റെ പ്രഖ്യാപിത നയം പ്രാവർത്തികമാക്കുന്നതിന് മന്ത്രിമാരുടെ ഔദ്യോഗിക വസതികളിൽ പച്ചക്കറി കൃഷി ആരംഭിച്ചിട്ടുണ്ട്. ശീതകാല പച്ചക്കറി കൃഷിക്കായി പ്രത്യേക കാർഷിക സോൺ പ്രഖ്യാപിച്ചു. ആഘോഷവേളകളിൽ ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള പച്ചക്കറികൾ ന്യായമായ വിലയിൽ ലഭ്യമാക്കുന്നതിനും വിലക്കയറ്റം തടയുന്നതിനും ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കൃഷി വകുപ്പ് 'ഓണസമൃദ്ധി' പദ്ധതി നടപ്പിലാക്കി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും പഞ്ചായത്തുകളും അഞ്ച് ദിവസം നീണ്ടുനിന്ന 1350 പച്ചക്കറി വിപണികൾ ഈ പദ്ധതിയിലൂടെ നടപ്പിലാക്കി. കർഷകർ ഉത്പാദിപ്പിക്കുന്ന പച്ചക്കറികൾ വ്യാപാര വിലയെക്കാൾ കൂടിയ നിരക്കിൽ വാങ്ങി സംഭരണം നടത്തി ഉപഭോക്താക്കൾക്ക് മുപ്പത് ശതമാനം വിലക്കുറവിൽ ലഭ്യമാക്കുകയും 'വിഷുക്കണി' എന്നപേരിൽ 1090 വിഷു-ഈസ്റ്റർ വിപണികൾ സംഘടിപ്പിക്കുകയും വിഷരഹിത നാടൻ പച്ചക്കറികൾ 'ഓർഗാനിക്' എന്ന ബ്രാന്റ് നാമത്തിൽ പുറത്തിറക്കുകയും നല്ല കൃഷിമുറകൾ

പാലിച്ചുകൊണ്ട് കാർഷികോൽപ്പന്നങ്ങൾ വിപണിയിൽ എത്തിക്കുകയും ചെയ്തു. തരിശിട്ടിരുന്ന കൃഷിയോഗ്യമായ ഭൂമിയിൽ കൃഷിയിറക്കുകയും കരനെൽകൃഷി പ്രോത്സാഹിപ്പിക്കുകയും ചെയ്തു. അടുത്ത നാല് വർഷത്തിനുള്ളിൽ മൂന്ന് ലക്ഷം ഹെക്ടർ സ്ഥലത്ത് നെൽകൃഷി വ്യാപിപ്പിക്കുക എന്നതാണ് കൃഷി വകുപ്പിന്റെ ലക്ഷ്യം. കാർഷിക മേഖലയിൽ പുത്തനുണർവുണ്ടാക്കാൻ കൃഷിക്കാരെ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനും കൃഷി ലാഭകരമാക്കുന്നതിനും നടപടി സ്വീകരിച്ചത് സ്വാഗതാർഹമാണ്. ക്ഷീരമേഖലയിൽ കറവക്കാരുടെ ക്ഷാമം പരിഹരിക്കുന്നതിന് കറവയന്ത്രം സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കി. 'ഗോസമൃദ്ധി' പദ്ധതി നടപ്പിലാക്കാൻ അഞ്ച് കോടി രൂപ വകയിരുത്തുകയും മൃഗാശുപത്രികളുടെ ശാക്തീകരണത്തിന് കേന്ദ്ര ഫണ്ട് ലഭ്യമാക്കുന്നതുൾപ്പെടെ ഈ മേഖലയുടെ വികസനത്തിന് നിരവധി നടപടികൾ സ്വീകരിച്ചു. ക്ഷീരോത്പാദനത്തിൽ സ്വയംപര്യാപ്തത നേടുക എന്ന പ്രഖ്യാപിത ലക്ഷ്യം നടപ്പാക്കുന്നതിന് നൂതന പദ്ധതികൾക്ക് സർക്കാർ രൂപം നൽകുകയും ക്ഷീരസംഘങ്ങൾ വഴിയുള്ള പാൽ സംഭരണത്തിൽ ഏഴ് ശതമാനം വർദ്ധനവുണ്ടാക്കുകയും ചെയ്തു. പാൽ/പാലുൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുകയും കാലിത്തീറ്റയുടെ ഗുണമേന്മ ഉറപ്പാക്കുന്നതിന് എൻ.എ.ബി.എൽ. അക്രെഡിറ്റേഷനോടുകൂടിയ സ്റ്റേറ്റ് ഡയറി ലാബുകൾ പ്രവർത്തനക്ഷമമാക്കുകയും

ചെയ്തു. തീറ്റപ്പുൽ കൃഷി പ്രോത്സാഹിപ്പിക്കുകയും ക്ഷീരകർഷകർക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകുകയും ചെയ്തു. പക്ഷികൾ മുഖേനയുള്ള കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകണം. യു.ഡി.എഫ്. ഗവൺമെന്റ് വനം കയ്യേറ്റത്തിനെതിരെ യാതൊരു നടപടിയും സ്വീകരിച്ചില്ല. അതിരപ്പിള്ളിയിൽ ഫോറസ്റ്റ് സ്റ്റേഷൻ രൂപീകരിച്ച് ആർ.ആർ.ടി.-യുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും കാലടി പ്ലാന്റേഷൻ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും എണ്ണപ്പനക്കുരു സംസ്കരണ ഫാക്ടറി സ്ഥാപിക്കുന്നതിനും തുമ്പൂർമൂഴി ക്യാറ്റിൽ ബ്രീഡ് ഫാമിന് കൂടുതൽ പ്രചാരം നൽകുന്നതിനും കേരള ഫീഡ്സിന്റെ പ്രവർത്തനം മെച്ചപ്പെടുത്തി ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. അട്ടൂർ പ്രകാശ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കർഷകർ ഉത്പാദിപ്പിച്ച നെല്ല് യഥാസമയം സംഭരിക്കാൻ സാധിക്കാത്ത അവസ്ഥയാണ് നിലനിൽക്കുന്നത്. കേരളത്തിൽ വിഷരഹിതമായ പച്ചക്കറികൾ ഉത്പാദിപ്പിച്ച് വിപണനം നടത്തുകയും ബാക്കിവരുന്നവ കേടുകൂടാതെ സൂക്ഷിക്കുന്നതിനാവശ്യമായ കേന്ദ്രങ്ങൾ ഓരോ ജില്ലയിലും സജ്ജീകരിക്കുകയും വേണം. കർഷകരുടെ ഉൽപ്പന്നങ്ങൾ സംഭരിച്ച് വാല്യൂ ആഡഡ് പ്രോഡക്ടായി മാറ്റുന്നതിലൂടെ വിദേശ വിപണിയിൽ കേരള ബ്രാന്റായി ഇവ വിറ്റഴിക്കുന്നതിനും ഉൽപ്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കുന്നതിനും സാധിക്കും. ഇക്കോ ടൂറിസം പദ്ധതി

വിപുലീകരിക്കുന്നതിനും ടൂറിസം രംഗത്തെ വരുമാനം കണക്കാക്കുന്നതിന് സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനും കോന്നി ഇക്കോ ടൂറിസം പദ്ധതി കേന്ദ്രീകരിച്ച് ഒരു ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കുന്നതിനും നടപടി സ്വീകരിക്കണം. കോന്നി ഇക്കോ ടൂറിസം പദ്ധതി ജനാകർഷക മാക്കുന്നതിനുവേണ്ടി ഗജവിജ്ഞാനോൽസവം നടത്തുന്നതിനും ആവണിപ്പാറ പട്ടികവർഗ്ഗ കോളനിയിൽ പാലം പണിയുന്നതിനും ഗവി ടൂറിസം കേന്ദ്രവുമായി ബന്ധപ്പെട്ട് മന്ത്രിതലത്തിൽ ഒരു മീറ്റിംഗ് വിളിച്ചുചേർത്ത് ഇക്കോ ടൂറിസം പദ്ധതി വിപുലപ്പെടുത്തുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): കൃഷി വകുപ്പുമായി ബന്ധപ്പെട്ട് സഭയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങളെ ഗൗരവമായി കണ്ട് അതിനനുസൃതമായ മാറ്റങ്ങളാണ് കാർഷിക മേഖലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. കാർഷിക മേഖലയുടെ വളർച്ചാനിരക്ക് നെഗറ്റീവ് ഗ്രോത്തായി മാറിക്കൊണ്ടിരിക്കുന്നു. 2015-16 സാമ്പത്തിക വർഷം ജി.ഡി.പി.-യിൽ കൃഷിയുടെ വിഹിതം 12.5 ശതമാനവും വളർച്ചാനിരക്ക് 2.8 ശതമാനവുമായിരുന്നു. കാർഷിക രംഗത്തുണ്ടായ ഉത്പാദനത്തകർച്ചയും കേന്ദ്ര ഗവൺമെന്റ് അനുവർത്തിക്കുന്ന കയറ്റുമതി-ഇറക്കുമതി നയത്തെത്തുടർന്നുണ്ടായ കരാറുകളുമാണ് കാർഷിക മേഖലയുടെ തകർച്ചയ്ക്ക് കാരണം. കേന്ദ്ര ഗവൺമെന്റ് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന

കരാറുകളെല്ലാം അപകടകരമായ നിലയിൽ കേരളത്തെ ബാധിച്ചു കഴിഞ്ഞിരിക്കുന്നു. ആർ.സി.ഇ. പി. -കരാർ ഒപ്പുവയ്ക്കുന്നതോടുകൂടി റബ്ബർ, കുരുമുളക്, ഏലം എന്നിവയ്ക്ക് വൻതോതിലുള്ള വിലത്തകർച്ചയുണ്ടാകുമെന്നുള്ളതിനാൽ ഭരണ-പ്രതിപക്ഷ ഭേദമില്ലാതെ ഈ കേന്ദ്ര നയത്തെ എതിർക്കേണ്ടത് അനിവാര്യമാണ്. കേരളത്തിലെ എല്ലാ രാഷ്ട്രീയ പാർട്ടികളെയും റബ്ബർ കർഷകരെയും ഉൾക്കൊള്ളിച്ചുകൊണ്ട് റബ്ബർ നയത്തെ സംബന്ധിച്ച് ചർച്ച നടത്തി ഒരു സർവ്വകക്ഷി സംഘത്തെ കേന്ദ്രത്തിലേയ്ക്ക് അയച്ച് ശക്തമായ പ്രതിഷേധം രേഖപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നു. ഇന്ത്യയിലെ റബ്ബറിന്റെ 80 ശതമാനവും കേരളത്തിലാണ് ഉത്പാദിപ്പിക്കുന്നത്. ഈ വർഷത്തെ വരൾച്ചയിൽ കേരളത്തിലെ 40,000 ഹെക്ടർ പ്രദേശം നശിച്ചതിലൂടെ 792 കോടി രൂപയുടെ നഷ്ടമാണുണ്ടായിരിക്കുന്നത്. വിലത്തകർച്ച, കൃഷി പരിപാലിക്കാൻ സാധിക്കാത്ത അവസ്ഥയിൽ കർഷകരെ കൊണ്ടെത്തിക്കും. കൃഷി, പരിസ്ഥിതി, ജലം, ഭൂമി എന്നിവയുടെ സംരക്ഷണമാണ് ഹരിതകേരളം പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. 8,90,000 ഹെക്ടറുണ്ടായിരുന്ന നെൽവയൽ ഇപ്പോൾ 1,96,000 ആയി കുറഞ്ഞിരിക്കുന്നു. നെൽകൃഷി വ്യാപിപ്പിച്ച് നെല്ലുത്പാദനം വർദ്ധിപ്പിക്കുന്നതിനും എം.എൽ.എ.-മാർ സമർപ്പിക്കുന്ന പ്രോജക്ടുകൾ പരിഗണിച്ച് തരിശ് ഭൂമി ഘട്ടംഘട്ടമായി കൃഷി ചെയ്യുന്നതിനുമാണ് സർക്കാർ ശ്രമിക്കുന്നത്. മൂന്ന്

വർഷം തുടർച്ചയായി തരിശ് നിലം കൃഷി ചെയ്യുന്ന കർഷകർക്ക് ആനുകൂല്യം നൽകുന്നതിന് പുതിയ സ്കീം നടപ്പിലാക്കുകയും നഷ്ടം സംഭവിക്കുന്ന കൃഷിക്കാർക്ക് അത് നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും. 'നമ്മുടെ നെല്ല് നമ്മുടെ അന്നം' എന്നും 'എല്ലാവരും കൃഷിക്കാരാവണം എല്ലായിടവും കൃഷിയിടവുമാക്കണം' എന്നതാണ് സർക്കാരിന്റെ മുദ്രാവാക്യം. പച്ചക്കറി ഉത്പാദനത്തിനായി ഹരിതകേരളം മിഷനുമായി ചേർന്നാണ് സർക്കാർ പ്രവർത്തിക്കുന്നത്. കാർഷികോത്പന്നങ്ങൾക്ക് വിലത്തകർച്ച നേരിടുന്ന സാഹചര്യത്തിൽ കർഷകരെ സഹായിക്കുന്നതിനായി മൂല്യവർദ്ധിത സംരംഭങ്ങളുടെ ആയിരം യൂണിറ്റുകൾ തുടങ്ങുന്നതും ഗവൺമെന്റിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ 20 കമ്പനികൾ ആരംഭിക്കുന്നതുമാണ്. നീരയുടെ ഉത്പാദനത്തിനും വിപണനത്തിനും ഉത്പാദകരുടെ ഏകോപനത്തിനുമായി കേരള കോക്കനട്ട് ഡെവലപ്മെന്റ് കോർപ്പറേഷന്റെ നേതൃത്വത്തിൽ ഉത്പാദകർക്ക് ആവശ്യമായ എല്ലാ സഹായങ്ങളും നൽകുന്നതാണ്. ബാംഗ്ലൂരിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മില്ലറ്റ്സ് റിസർച്ചുമായി സഹകരിച്ച് അട്ടപ്പാടിയെ മില്ലറ്റ്സ് വില്ലേജായി പ്രഖ്യാപിക്കുന്നതാണ്. വയനാട് ജില്ലയെ പരമ്പരാഗത കാർഷിക മേഖലയായി പ്രഖ്യാപിക്കുകയും പരമ്പരാഗത നെല്ലിനങ്ങൾ ഉത്പാദിപ്പിക്കുന്നതിന് 450 ഹെക്ടർ പ്രദേശത്ത് കൃഷി ചെയ്യുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്.

പരമ്പരാഗത നെൽ വിത്തുകളെ സംരക്ഷിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും 3 കോടി രൂപ ചെലവിൽ മണ്ണുത്തി സർവ്വകലാശാലയുമായി ചേർന്ന് അന്താരാഷ്ട്ര നിലവാരത്തിലുള്ള വിത്ത് ബാങ്ക് സ്ഥാപിക്കുന്നതാണ്. കാർഷിക മേഖലയിലെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ച മണ്ണിന്റെ മൈക്രോ ന്യൂട്രിയൻസ് പരിശോധിക്കുന്ന പദ്ധതി വിപുലീകരിച്ചുകൊണ്ട് ശാസ്ത്രീയമായി കൃഷി ചെയ്യുന്നതിനുള്ള സംവിധാനമേർപ്പെടുത്താൻ ഉദ്ദേശിക്കുന്നു. ഉൽപ്പന്നങ്ങളുടെ സംഭരണത്തിനും ട്രാൻസ്പോർട്ടിംഗിനും മറ്റുമായി അഗ്രോ ബിസിനസ് കമ്പനി രൂപീകരിക്കുകയും അമൂൽ മാതൃകയിൽ കർഷകരുടെ ക്ലസ്റ്റർ രൂപീകരിച്ച് പച്ചക്കറിയുടെ സംഭരണം, വിതരണം, വിപണനം എന്നിവയ്ക്കുള്ള സംവിധാനങ്ങൾ ആരംഭിക്കുന്നതുമാണ്. സർവ്വകലാശാലകൾ, ഗവേഷണ സ്ഥാപനങ്ങൾ, കൃഷി വകുപ്പ്, കർഷകർ തമ്മിലുള്ള ബന്ധം ഊട്ടിയുറപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളുമായാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): ബഹുമാനപ്പെട്ട അംഗങ്ങളുടെ നിർദ്ദേശങ്ങളും വിമർശനങ്ങളും സ്വാഗതം ചെയ്യുന്നു. ക്ഷീരമേഖലയെ കേന്ദ്ര സർക്കാർ കൃഷിയായി അംഗീകരിക്കാത്തതിനാൽ ക്ഷീര കർഷകർക്കുണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിന് കൂട്ടായ പരിശ്രമം ആവശ്യമാണ്.

വന്യജീവികളുടെ ആക്രമണത്തിനും കൃഷിനാശത്തിനും സമയബന്ധിതമായി നഷ്ടപരിഹാരം നൽകുകയും രണ്ട് മാസം മുമ്പ് വരെയുള്ള അപേക്ഷകളിൽ തർക്കമുള്ളതൊഴിച്ച് പൂർണ്ണമായി പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. കൂട്ടുത്തരവാദിത്വത്തോടുകൂടിയുള്ള പ്രവർത്തനങ്ങളുമായാണ് ഗവൺമെന്റ് മുന്നോട്ട് പോകുന്നത്. ആവണിപ്പാറ പട്ടികവർഗ്ഗ കോളനിയിൽ പാലം പണിയുന്നതടക്കമുള്ള വിഷയങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. കണ്ണൂർ ആറളം ഫാമിൽ അഞ്ചുപേരെ കൊലപ്പെടുത്തിയ ആനയെ മയക്കുവെടിവച്ച് ഷെഡ്ഡിൽ പാർപ്പിച്ചിരിക്കുകയാണ്. അട്ടപ്പാടിയിൽ പത്തുപേരെ കൊലപ്പെടുത്തിയ ആനയെ തളയ്ക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. വനമേഖലയുമായി ബന്ധപ്പെട്ട് ജനോപകാരപ്രദമായ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. മനുഷ്യരും മൃഗങ്ങളും തമ്മിലുള്ള സംഘർഷം ഒഴിവാക്കുന്നതിന് 110 കോടി രൂപയുടെ പദ്ധതി ആവിഷ്കരിക്കുകയും കിഫ്ബിയിൽനിന്ന് 25 കോടി രൂപ അനുവദിക്കുകയും 176 പഞ്ചായത്തുകളിൽ ജനജാഗ്രതാ സമിതികൾ നിലവിൽ വരികയും ചെയ്തിട്ടുണ്ട്. ഈ സമിതികൾ മൂന്നുമാസത്തിലൊരിക്കൽ യോഗം കൂടുകയും സജീവമായി പ്രവർത്തിക്കുകയും ചെയ്താൽ ഈ വിഷയങ്ങൾക്ക് ഒരു പരിധിവരെ പരിഹാരം കാണാൻ കഴിയും. വന്യജീവികളുടെ ആക്രമണം തടയുന്നതിനായി സോളാർ ഫെൻസിംഗ്, ആനവേലി,

റെയിൽ പാളങ്ങൾ ഉപയോഗിച്ചുള്ള വേലി, ആനക്കിടങ്ങ് എന്നീ പ്രതിരോധ പ്രവർത്തനങ്ങളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. വന്യജീവികളുടെ ആക്രമണം രൂക്ഷമായ പ്രദേശങ്ങളിൽ വേലി കെട്ടുന്നതിനാവശ്യമായ ഫണ്ട് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കിഫ്ബിവഴി തുക കണ്ടെത്തി പേരാവൂർ നിയോജക മണ്ഡലത്തിൽ വന്യജീവി സങ്കേതത്തിന്റെ ജനവാസ അതിർത്തി മുഴവൻ ആനമതിൽ കെട്ടുന്നതിന് മുൻഗണന നൽകുന്നതാണ്. ആര്യങ്കാവ് മേഖലയിൽ ചന്ദനമരം മുറിച്ചെന്ന ആരോപണത്തിന്മേൽ അന്വേഷണം നടന്നുവരികയാണ്. മൃഗസംരക്ഷണ വകുപ്പിൽ 14 ആർ.ആർ.റ്റി. ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. കൂടുതൽ വാഹനങ്ങളും ജീവനക്കാരും ലഭിക്കുന്ന മുറയ്ക്ക് മൂന്നാറിൽ ഒരു ആർ.ആർ.റ്റി. ടീമിനെ നിയോഗിക്കുന്നതാണ്. വനം വകുപ്പുമായി ബന്ധപ്പെട്ട് നടന്നുവരുന്ന കൺവീനർ സിസ്റ്റം ഒഴിവാക്കി ടെണ്ടർ നടപടി സ്വീകരിക്കാൻ തീരുമാനമായിട്ടുണ്ട്. അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ് തുടങ്ങിയ മരങ്ങൾ ജനവാസ മേഖലയിൽ വച്ചുപിടിപ്പിക്കുന്നത് പൂർണ്ണമായും ഒഴിവാക്കുന്നതിനും ഇൻഡസ്ട്രിയൽ പർപ്പസിന് മാത്രമായി ഇത് പരിമിതപ്പെടുത്തുന്നതിനും പരിസ്ഥിതി ദിനവുമായി ബന്ധപ്പെട്ട് 72 ലക്ഷം വൃക്ഷത്തൈകൾ വിതരണം ചെയ്യുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കടക്കെണിയിലായ ക്ഷീരകർഷകർക്കായി അഞ്ചുകോടി രൂപയുടെ ധനസഹായം അനുവദിച്ചിട്ടുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം പാലിന്റെ

വിലവർദ്ധനവിലുണ്ടായ നേട്ടം മുഴവൻ ക്ഷീരകർഷകർക്ക് ലഭ്യമാക്കുന്നതിനും പാൽ വില നിർണ്ണയ ചാർട്ട് പരിഷ്കരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. രണ്ടുവർഷത്തിനുള്ളിൽ പാലുത്പാദനത്തിൽ സ്വയംപര്യാപ്തതയിലെത്തുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത നയം. അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന പാലിന്റെ ഗുണമേന്മ പരിശോധിക്കുന്നതിനായി ചെക്ക്പോസ്റ്റുകളിൽ ക്ഷീരവികസന വകുപ്പിന്റെ മേൽനോട്ടത്തിൽ സംവിധാനമൊരുക്കിയിട്ടുണ്ട്. ക്ഷീര കർഷകരുടെ പെൻഷൻ 1100 രൂപയായി വർദ്ധിപ്പിക്കുകയും കുടിശ്ശിക കൊടുത്തുതീർക്കുന്നതിനായി ക്ഷീര വികസന ബോർഡിന് 12 കോടി രൂപ അനുവദിക്കുകയും കന്നുകാലികൾക്ക് ഇൻഷ്വറൻസ് സ്കീം ഏർപ്പെടുത്തുകയും ചെയ്തു. ക്ഷീരമേഖലയിൽ നടപ്പാക്കുന്ന പദ്ധതികൾക്ക് എല്ലാവരുടെയും സഹകരണം ആവശ്യമാണ്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയും മൃഗസംരക്ഷണം എന്ന XXX1-ാം നമ്പർ ധനാഭ്യർത്ഥനയും ക്ഷീരവികസനം എന്ന XXX11-ാം നമ്പർ ധനാഭ്യർത്ഥനയും വനം എന്ന XXX1V-ാം നമ്പർ ധനാഭ്യർത്ഥനയും 29-നെതിരെ 80 വോട്ടുകളോടെയും ഒരു നിഷ്പക്ഷ വോട്ടോടെയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 3.56-ന് പിരിഞ്ഞു.

**********